# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26
## C M A L P S PANDIKKAD

Scanned with OKEN Scanner

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ചരീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

Scanned with OKEN Scanner

## പ്രതീക്ഷിത നേട്ടങ്ങൾ

→ ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

→ 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

→ മികച്ച വിദ്യാർത്ഥികളെ വാർത്തെടുക്കുന്നു.

→ വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

→ മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

→ മികച്ച വ്യക്തിത്വത്തിനുടമകളാക്കുന്നു.

## മോണിട്ടറിംഗ്

→ ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.

→ സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി. എസ്.ആർ.ജി)) നടപ്പിലാക്കണം.

→ ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്.ആർ.ജി, കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

Scanned with OKEN Scanner

മേഖല : അക്കാദമികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക. | * പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ.<br>* പഠന സാമഗ്രികൾ ശേഖരിക്കൽ<br>* വായനാസാമഗ്രികൾ നിർമ്മിക്കുന്നു.<br>* അക്ഷര കാർഡുകളുപയോഗിച്ച് പദ നിർമ്മാണം, വാക്യനിർമ്മാണം<br>* ചിത്രം നോക്കി കഥ പറയൽ<br>* ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ.<br>* വരികൾ കൂട്ടിച്ചേർത്ത് എഴുതൽ.<br>* ഐ.സി.ടി സാധ്യത ഉപയോഗിച്ച് ചെറുഗാനങ്ങൾ, കഥകൾ, ഷോർട്ട് ഫിലിംസ്, കാർട്ടൂൺസ് എന്നിവ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>SRG | |
| | * ഇംഗ്ലീഷ് ഡേ.<br>* ഇംഗ്ലീഷ് അസംബ്ലി<br>* " പ്രാർത്ഥന | ആഴ്ചയിൽ ഒരു ദിവസം | H.M<br>SRG<br>ക്ലാസ്സ് ടീച്ചർ<br>PTA | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | പത്രപാരായണം, അസംബ്ലികൾ,<br>പ്രതിജ്ഞ | | | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക . | • പതിപ്പുകളുടെയും മാഗസിനുകളുടെയും നിർമ്മാണം<br>* രചനാശിൽപശാലകൾ .<br>* രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ഒക്ടോബർ - മാർച്ച്<br>ഫെബ്രുവരി | ഇംഗ്ലീഷ് ക്ലബ് . | |

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പാക്കുക. | * പഠനനില കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു.<br>* വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>* SRG യിൽ ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിനുതകുന്ന പ്രവർത്തനപാക്കേജ് തയ്യാറാക്കുന്നു.<br>* അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, അക്ഷരചിത്രം, അക്ഷരപ്പാട്ട്, അക്ഷരകഥകൾ, പദ ചാർട്ടുകൾ എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ. | ജൂൺ - ജൂലൈ | H.M<br>SRG<br>കൺവീനർ<br>CPTA | |
| | * ചിത്രം നോക്കി കഥപറയൽ, കഥ ബാക്കിപറയൽ, ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ, വരികൾ കൂട്ടിച്ചേർത്ത് എഴുതൽ. | ആഗസ്റ്റ്, മാർച്ച് | | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| അക്ഷരങ്ങളേയും അവയുടെ ശബ്ദങ്ങളേയും തിരിച്ചറിയുക. | * അക്ഷരങ്ങളുടെ രൂപം തിരിച്ചറിയുന്നു.<br>* ഘടന മനസ്സിലാക്കുന്നു.<br>* അക്ഷരമെഴുത്തിലൂടെ ഘടന പാലിച്ച് എഴുതൽ.<br>* കേട്ടതോ വായിച്ചതോ ആയ കഥ, കവിത എന്നിവയിലെ കഥാപാത്രങ്ങളുടെ പേര് പറയൽ, കഥാപാത്ര ചിത്രീകരണം, പേരെഴുതൽ.<br>* അപരിചിതമായ അക്ഷരങ്ങൾ ഉപയോഗിച്ച് കുഞ്ഞു വാക്കുകൾ, പരിചിതമായ വാക്കുകൾ ഉപയോഗിച്ച് കുഞ്ഞു വാക്യങ്ങൾ എന്നിവയുടെ രചന. | ആഗസ്റ്റ് - മാർച്ച് | ക്ലാസ്സ് ടീച്ചർ |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കൽ | * പരിചിതമായ വാക്യങ്ങളിൽ സ്വതന്ത്ര രചന (കഥ, എന്നിട്ടെന്തായി, കവിത- വരികൾ കൂട്ടിച്ചേർക്കൽ വിവരണം - ചിത്രം നോക്കി വിവരിക്കാം<br>* സംഘരചന. | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ |
| സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കൽ | * പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട മൂല്യവത്തായ ആശയങ്ങൾ ഉൾപ്പെടുത്തി<br>* പതിപ്പ് നിർമ്മാണം<br>* മാഗസിൻ പ്രവർത്തനം<br>* ചുമർപത്രിക<br>എന്നിവയുടെ അവതരണം | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ |
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക | ഭാഷാപ്രസംഗം, കഥപറയൽ, കവിതാപാരായണം, ഭാഷാപോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം. | ജൂൺ മുതൽ മാർച്ച് | സ്കൂൾ ഭാഷാ ക്ലബ്ബ് ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

ഉപമേഖല : ശാരീരിക , മാനസിക ആരോഗ്യ ...

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ രോഗം അസുഖങ്ങളെക്കുറിച്ചുള്ള ബോധവും പ്രതിരോധ ശേഷിയും വളർത്തുക. | * ബോധവൽക്കരണ ക്ലാസുകൾ<br>* വീഡിയോകളിലൂടെ പ്രഭാഷണം<br>ഉപദേശക സംവാദങ്ങൾ<br>പോസ്റ്റർ നിർമ്മാണം, [illegible]<br>Zumba പോലുള്ള വ്യായാമങ്ങൾ പരിശീലിപ്പിച്ചു കൊടുക്കുക. | ജൂൺ/മാർച്ച് | H.M.<br>ക്ലാസ് ടീച്ചർ | |
| | **പ്രകടനവേദികൾ** | ഉപമേഖലകൾ:- സോഷ്യൽ മീഡിയ പ്രകടനങ്ങൾ. | | |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | * കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവെക്കൽ. | ജൂൺ - മാർച്ച് | H M<br>SRG<br>Class teacher. | |
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗവേദി നടത്തൽ.<br>നേതൃത്വം- വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും. | | |

Scanned with OKEN Scanner

പ്രവർത്തനത്തിന്റെ പേര് :- ഫീൽഡ് ട്രിപ്പ്

ഉപമേഖല :-

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്.<br>* കലകളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | ലൈബ്രറി, പോസ്റ്റോഫീസ്, പഞ്ചായത്ത് പോലീസ് സ്റ്റേഷൻ മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ്.<br>* കലകളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് കലാമണ്ഡലം സന്ദർശനം | | ക്ലാസ്സ് ടീച്ചർ. | |
| * മണ്ണിനെ അറിയാൻ | * ജീവികളും, അവയുടെ വാസസ്ഥലങ്ങളും, മനസ്സിലാക്കാനും അറിയാനും പാടം, കുളം, മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ്. | | ക്ലാസ്സ് ടീച്ചർ. | |

Scanned with OKEN Scanner

# പേര്: ഗണിതം മധുരം

മേഖല: അക്കാദമികം. ഉപമേഖല: ഗണിതം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത - ക്രിയകൾ എല്ലാ കുട്ടി- കൾക്കും ഉറപ്പ് വരു- ത്തുക. | * പ്രീടെസ്റ്റ്.<br>* മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>* ഗണിതാശയങ്ങൾ നേടേണ്ട പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.<br>* ആവശ്യമായ സാമഗ്രികൾ ശേഖരിക്കുന്നു- ശിൽപശാല<br>* മുൻ ക്ലാസുകളിൽ നേടേണ്ട ശേഷികൾ കണ്ടെത്തിയെ- ടുത്തുകൊണ്ട് പരിഹരി- ക്കാൻ ഉതകുന്ന പ്രവർ- ത്തനങ്ങൾ വ്യക്തിഗതമായും സംഘമായും നൽകുന്നു. | ജൂൺ- ജൂലൈ | HM<br>SRG<br>class-Teacher<br>CPTA | |
| | * ഗണിത മൂല<br>* ഗണിത മൂലക്കാവശ്യമായ സാമഗ്രികൾ ശേഖരിക്കൽ (മഞ്ചാടി, മുത്തുകൾ), ഈർക്കിൽ, അബാക്കസ് etc<br>* ഗണിത മൂല സജ്ജീകരിക്കൽ. | ജൂൺ- ജൂലൈ | 1000. | |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| 1 | ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക | **ഗണിത ക്ലബ്**<br>ഓരോ ക്ലാസിലെയും കുട്ടികൾ ഗണിത ക്ലബിലെ അംഗങ്ങൾ ആയിരിക്കും.<br>* ക്ലബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ്/സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>* പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു. വിദഗ്ധരെ കണ്ടെത്തുന്നു. | ഒരു വർഷം | HM<br>SRG<br>class.Tr<br>CPTA | 1000 | |
| | | * **ഗണിത മാഗസിൻ**.<br>ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും മാഗസിൻ തയ്യാറാക്കുന്നു. ജിയോബോർഡ്, ടാൻഗ്രാം, രൂപങ്ങളുടെ നിർമ്മാണം. (○, △, ▭). | ജൂൺ മാർച്ച് | HM<br>SRG<br>class.Tr | 1000 | |

| | | | | |
|---|---|---|---|---|
| ഗണിതാസ്വാദനം. | * വിവിധ ഗണിത കേളികൾ.<br>* കുട്ടികൾക്ക് പുസ്തകങ്ങൾ<br>* പസിലുകൾ.<br>* ചിത്രപാഠങ്ങൾ.<br>* ഗണിത പാട്ടുകൾ.<br>* കളിപ്പെട്ടി<br>* ഒറിഗാമി<br>* ഐ.സി.ടി സാധ്യത<br>ഇവ ഫലപ്രദമായി പ്രയോഗപ്പെടുത്തി ഗണിത പഠനം ആസ്വാദ്യകരമാക്കി മാറ്റുന്നു. | ജൂൺ മാർച്ച് | class Tr. | 500. |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. | പ്രായോഗിക പ്രശ്നങ്ങൾ.<br>* കളിചന്ത ഒരുക്കൽ, ക്ലാസ് അന്തരീക്ഷം, വിദ്യാലയ അന്തരീക്ഷം തുടങ്ങിയവ പാഠഭാഗങ്ങൾക്കനുസൃതമായി വിഷയബന്ധിതമാക്കുക. | | class Tr | |

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| * കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞും ചോദ്യങ്ങളുന്നയിച്ചും പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന്. | * ക്ലാസ്സിൽ ശാസ്ത്രമൂല സജ്ജമാക്കും. * എല്ലാ കുട്ടികൾക്കും ശാസ്ത്ര കിറ്റ്, ലഘുപരീക്ഷണങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ ശാസ്ത്രകൊട്ടയിൽ. | June - march. | class IV Science club |
| * കുട്ടികളിൽ അന്വേഷണാത്മകവും നിരീക്ഷണ പാടവവും ശാസ്ത്രാഭിരുചിയും വളർത്തുക. | * ഓരോ യൂണിറ്റിലും ചെയ്യാൻ കഴിയുന്ന ശാസ്ത്ര പരീക്ഷണങ്ങളിൽ കുട്ടി കണ്ടെത്തുന്നു * പരീക്ഷണങ്ങൾ മികവോടെ ചെയ്തവർക്ക് കുട്ടി ശാസ്ത്രജ്ഞ പുരസ്കാരങ്ങൾ നൽകുന്നു. | June - march. | class IV Science club |
| * ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന്. | * മികവുകൾ പ്രോത്സാഹിപ്പിക്കൽ | | |
| * | * നേരിട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. പരിഹാരം കാണുന്നു. | | |

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| * ശാസ്ത്ര പ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുന്ന വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3,4). ക്ലാസ് ശാസ്ത്രപരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ. | June - March | Class tr |
| * ശാസ്ത്രവിഷയങ്ങളിലേക്കുള്ള താൽപര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണങ്ങളുടെ വന്നിട്ടുള്ള ലക്ഷ്യം. | ജൂലൈ, മാർച്ച് | Class tr<br>Science club |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| * ശാസ്ത്രപഠനത്തിന്റെ ഭാഗമായി കുട്ടികളെ പ്രകൃതിയുമായി ഇണക്കിച്ചേർക്കുക. | കൃഷി.<br>* സ്കൂളിലൊരു കൃഷിയിടം<br>* കൃഷിയിട സന്ദർശനം<br>* കർഷകരുമായി അഭിമുഖം<br>* രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ വീട്ടിലൊരു അടുക്കളത്തോട്ടം. | June - march | class tr<br>Science club |
| | * ജൈവ വൈവിധ്യ ഉദ്യാനം കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിപ്പിക്കും.<br>* ജൈവ വൈവിധ്യ ഉദ്യാനത്തെ അടിസ്ഥാനമാക്കി ചെറു പ്രോജക്ടുകൾ നൽകും.<br>* വീട്ടിൽ ജൈവ വൈവിധ്യ ഉദ്യാനം. | June - march. | class tr<br>Science club |

| | | | |
| --- | --- | --- | --- |
| ശുചിത്വം.<br>വിദ്യാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ | * പരിസര ശുചീകരണം<br>ക്ലാസ് ശുചീകരണം - ദിവസേന<br>* സ്കൂൾ പരിസര ശുചീകരണം - ആഴ്ച്ചയിലൊരിക്കൽ<br>* ഡ്രൈ ഡേ - ആഴ്ച്ചയിലൊരിക്കൽ<br>* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം പ്രാവർത്തികമാക്കൽ.<br>ജലസംരക്ഷണം.<br>* കിണറും പരിസരവും വൃത്തിയായി സൂക്ഷിക്കുക<br>* പോസ്റ്റർ പ്രചരണം<br>* വിവിധ ജലം ആൽബങ്ങൾ നിർമ്മാണം.<br>* പക്ഷികൾക്ക് കൂടൊരുക്കൽ | | |

Scanned with OKEN Scanner

പ്രവർത്തന മേഖല - സർഗ്ഗാത്മകം: മേഖല: അക്കാദമികം

ഉപമേഖല — [illegible]
കലാവിദ്യാഭ്യാസം.
പ്രവൃത്തിപരിചയം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിയുടെയും കലാകായിക പ്രവൃത്തിപരിചയ ശേഷികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് | മികച്ച നിലവാരം കണ്ടെത്തൽ:<br>ഓരോ ക്ലാസിലുമുള്ള മികച്ചവരെ കണ്ടെത്തൽ | ജൂലൈ | SRG, PTA |
| | സ്കൂൾ തലം കണ്ടെത്തൽ<br>പരിശീലനം നൽകൽ | ആഗസ്റ്റ് | |
| മികച്ച നിലവാരം പുലർത്തുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് | Expert ക്ലാസ്<br>സ്കൂൾ തല മേളകൾ | സെപ്റ്റംബർ | |
| പഞ്ചായത്ത്, സബ്ജില്ലാതല മേളകളിൽ മികച്ച വിജയം ഉറപ്പുവരുത്തുന്നതിന് | | | |